**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

*നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *454* *24.10.2016 ലെ മറുപടിക്ക്*

## *വിദേശപ്പണ വരുമാനത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം*

ചോദ്യം | ഉത്തരം

ശ്രീ. എം. ഉമ്മർ
ശ്രീ. അബ്ദുൽ ഹമീദ്. പി
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. പി. ഉബൈദുള്ള

ശ്രീ. പിണറായി വിജയൻ
*(മുഖ്യമന്ത്രി)*

| | |
|---|---|
| ***(എ)***രാജ്യത്തിന്റെ വിദേശപ്പണ വരുമാനത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം എത്രത്തോളമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | ***(എ)*** വിലയിരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മറ്റി(SLBC) തയ്യാറാക്കിയ കണക്ക് പ്രകാരം 2016 ജൂൺ മാസം വരെ സംസ്ഥാനത്തെ വിവിധ ബാങ്കുകളിലേക്ക് അയച്ച വിദേശപണം 1,42,669 കോടി (ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അറുന്നൂറ്റി അറുപത്തി ഒൻപത് കോടി ) രൂപയാണ്. |
| ***(ബി)*** വിദേശപ്പണ വരുമാനത്തിൽ ഗൾഫ് മലയാളികൾ വഹിക്കുന്ന പങ്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ ; | ***(ബി)*** ഉണ്ട്. ഐക്യരാഷ്ട്ര സഭയുടെ വികസന പദ്ധതി നടത്തിയ വിലയിരുത്തൽ പ്രകാരം 2014 ൽ ഇരുപത്തിനാല് ലക്ഷം പ്രവാസി മലയാളികളുണ്ടെന്നും, ഇവർ പ്രതിവർഷം ഏകദേശം ഒരു ലക്ഷത്തി മുപ്പതിനായിരം കോടി രൂപ ഇന്ത്യയിലേക്ക് അയക്കുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പഠന പ്രകാരം സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.ഡി.പി - ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ഷൻ) നാല്പതു ശതമാനം പ്രവാസികളുടെ സംഭാവനയാണ്. CDS - ന്റെ 2012 ലെ കേരളാമൈഗ്രേഷൻ സർവ്വേ ഓരോ ജില്ലയിലും എത്തുന്ന വിദേശപ്പണത്തിന്റെ വിവരമുണ്ട്. |

| | |
|---|---|
| | ഇത് പ്രകാരം ഏറ്റവും കൂടുതൽ വിദേശ മലയാളികളുള്ളതും ഏറ്റവും കൂടുതൽ വിദേശപ്പണം എത്തുന്നതും മലപ്പുറം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്. |
| *(സി)* ഗൾഫ് മലയാളികളുടെ യാത്രാ പ്രശ്നങ്ങളും വിമാന നിരക്കുകളിലുണ്ടാകുന്ന അപ്രതീക്ഷിത അമിത വർദ്ധനവും ഉണ്ടാക്കുന്ന ആഘാതം ഒഴിവാക്കി വിദേശമലയാളികൾക്ക് ആശ്വാസം നല്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | *(സി)* ഇക്കാര്യം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന താകയാൽ തിരക്കുള്ള സമയത്ത് യാത്രാക്കൂലി വർദ്ധിപ്പിച്ച് വിമാനക്കമ്പനികൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>വിമാന യാത്രാക്കൂലി നിശ്ചയിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് പങ്കില്ലയെന്നും, 1937 ലെ എയർക്രാഫ്റ്റ് റൂൾ പ്രകാരം വിമാന സർവ്വീസ് നടത്തിപ്പ്, ചെലവ്, സർവ്വീസിന്റെ പ്രത്യേകത, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നീ കാര്യങ്ങൾ പരിഗണിച്ച് യാത്രാക്കൂലി നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. എന്നിരുന്നാലും പ്രസ്തുത വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടും ഡയറക്ടർ ഓഫ് സിവിൽ ഏവിയേഷനോടും ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. |

Sheeja (signature)

സെക്ഷൻ ഓഫീസർ.